2025 MARCH
14
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിപണിയിലെ തകർച്ച: ശതകോടീശ്വരന്മാരുടെ ആസ്തിയിൽ കനത്ത ഇടിവ്

**മുംബൈ:** ഓഹരി വിപണിയിലെ തകർച്ച രാജ്യത്തെ ശതകോടീശ്വരന്മാരെയും ബാധിച്ചു. രവി ജയ്പുരിയ, കെപി സിങ്, മംഗൾ പ്രഭാത് ലോധ, ഗൗതം അദാനി, ശിവ് നാടാർ, ദിലീപ് സാംഘ്‌വി, രാധാകിഷൻ ദമാനി, പങ്കജ് പട്ടേൽ എന്നിവർ ഉൾപ്പടെയുള്ളവരുടെ ആസ്തിയിൽ കനത്ത ഇടിവ് പ്രകടമായി.



ഭക്ഷ്യവസ്തുക്കൾ, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന ബിസിനസിന്റെ ഉടമയായ രവി ജയ്പുരിയയ്ക്കാണ് കനത്ത നഷ്ടം. അദ്ദേഹത്തിന്റെ ആസ്തിയിൽ 26 ശതമാനത്തോളം ഇടിവുണ്ടായി. 17.6 ബില്യൺ ഡോളറിൽനിന്ന് 13.1 ബില്യൺ ഡോളറായി കുറഞ്ഞതായി ബ്ലൂംബർഗിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വരുൺ ബീവറേജസിന്റെ ഓഹരി തകർച്ചയാണ് പ്രധാന കാരണം. 2025 തുടക്കം മുതൽ ഇതുവരെയുള്ള കണക്കെടുത്താൽ കമ്പനിയുടെ മൂല്യത്തിൽ 25 ശതമാനത്തോളം ഇടിവുണ്ടായി.രാജ്യത്തെ ഏറ്റവും സമ്പന്നനായ പ്രോപ്പർട്ടി ഡെവലപ്പറായി ഡിഎൽഎഫിന്റെ കെപി സിങിന്റെ ആസ്തി 25 ശതമാനം ഇടിഞ്ഞ് 13.6 ബില്യൺ ഡോളറായി. മാക്രോടെക് ഡവലപ്പേഴ്സിന്റെ സ്ഥാപകനായ മംഗൾ പ്രഭാത് ലോധയുടെ ആസ്തി 21 ശതമാനം കുറഞ്ഞ് 9.8 ബില്യൺ ഡോളറിലെത്തി.ആസ്തിയിൽ ഇടിവുണ്ടായ ശതകോടീശ്വരന്മാരിൽ നാലാമതാണ് ഗൗതം അദാനി. അദാനിയുടെ ആസ്തി 20 ശതമാനം ഇടിഞ്ഞ് 63.4 ബില്യണായി. ശിവ് നാടാരുടെ സമ്പത്തിൽ 20 ശതമാനവും ഇടിവ് നേരിട്ടു. അദ്ദേഹത്തിന്റെ ആസ്തിയാകട്ടെ 35.6 ബില്യൺ ഡോളറുമായി.സൺ ഫാർമയുടെ സ്ഥാപകനായ ദിലീപ് സാംഘ്‌വിയുടെ സമ്പത്തിൽ 18.43 ശതമാനം നഷ്ടമായി. അദ്ദേഹത്തിന്റെ ആസ്തി 23.90 ബില്യണായാണ് കുറഞ്ഞത്. ഡി മാർട്ടിന്റെ രാധാകിഷൻ ദമാനിയുടെ സമ്പത്താകട്ടെ 16.30 ശതമാനം ഇടിഞ്ഞ് 15.40 ബില്യൺ ഡോളറായി.ആഗോള കാരണങ്ങൾ മൂലം ഓഹരി സൂചികകൾ കനത്ത ഇടിവ് നേരിടുകയാണ്. ഉയർന്ന മൂല്യത്തെക്കുറിച്ചുള്ള ആശങ്കകൾ, സമ്പദ്‌വ്യവസ്ഥയിലെ തളർച്ച, ദുർബലമായ വരുമാന വളർച്ച, ട്രംപിന്റെ താരിഫ് നയത്തെ തുടർന്നുള്ള ആഗോള വ്യാപര പിരിമുറക്കം എന്നിവയോടൊപ്പം വിദേശ നിക്ഷേപകർ കൂട്ടത്തോടെ വിറ്റൊഴിയുന്നതും ആഭ്യന്തര വിപണിക്ക് തിരിച്ചടിയായി.



# മുണ്ടക്കൈ ചൂരൽമല പുനരധിവാസം: നെടുമ്പാല എസ്റ്റേറ്റ് തൽക്കാലം ഏറ്റെടുക്കില്ലെന്ന് സർക്കാർ ഹൈക്കോടതിയിൽ

**കൊച്ചി:** മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരുടെ പുനരധിവാസത്തിനായി ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള നെടുമ്പാല എസ്റ്റേറ്റ് തൽക്കാലം ഏറ്റെടുക്കില്ലെന്ന് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ. നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാമെന്ന സിംഗിൾ ബെഞ്ച് വിധിക്കെതിരെ ഹാരിസൺ മലയാളം നൽകിയ അപ്പീൽ പരിഗണിക്കുമ്പോഴാണ് സർക്കാർ നിലപാട് അറിയിച്ചത്. പുനരധിവാസത്തിനായി ആദ്യഘട്ടത്തിൽ എൽസ്റ്റൺ എസ്റ്റേറ്റ് മാത്രമാണ് ഏറ്റെടുക്കുക.

ആദ്യ ഘട്ടത്തിൽ 430 കുടുംബങ്ങൾക്കായാണ് പുനരധിവാസ പദ്ധതി നടപ്പാക്കേണ്ടത് എന്ന് സർക്കാർ വ്യക്തമാക്കി. ദുരന്തബാധിതരിൽ പലരും 15 ലക്ഷം രൂപ നഷ്ടപരിഹാരം മതിയെന്ന നിലപാടെടുത്തിട്ടുണ്ട്. അതിനാൽ 215 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള ഭൂമി മതിയാകും. അതുകൊണ്ട് എൽസ്റ്റൺ, ഹാരിസൺസ് എസ്റ്റേറ്റുകൾ ഒരുമിച്ച് ഏറ്റെടുക്കേണ്ടതില്ലെന്നും സർക്കാർ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ നഷ്ടപരിഹാര തുക കെട്ടിവയ്ക്കേണ്ടതില്ല.

വൈത്തിരിയിൽ ഹാരിസൺ നെടുമ്പാല എസ്റ്റേറ്റിന്റെ 65.41 ഹെക്ടർ ഭൂമിയും കൽപറ്റയിൽ എൽസ്റ്റൺ എസ്റ്റേറ്റിന്റെ 78.73 ഹെക്ടർ ഭൂമിയും ഏറ്റെടുക്കാനായിരുന്നു സർക്കാർ തീരുമാനം. നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവുമിട്ടു. ഇതിനെതിരെ ഹാരിസൺ മലയാളം ഡിവിഷൻ ബെഞ്ചിനെ സമീപിക്കുകയായിരുന്നു. എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച സിവിൽ കേസ് നിലനിൽക്കുന്നതും ഇതിനിടെ കോടതിയുടെ പരിഗണനയിൽ വന്നു. തുടർന്നാണ് ഇക്കാര്യത്തിൽ കോടതി സർക്കാരിന്റെ നിലപാട് ആരാഞ്ഞത്.

# യുക്രെയ്ൻ വെടിനിർത്തൽ: പിന്തുണച്ച് പുട്ടിൻ, സമാധാന സാധ്യത തെളിഞ്ഞു



**മോസ്കോ:** യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ സൗദിയിൽ നടത്തിയ ചർച്ചയിൽ യുഎസ് മുന്നോട്ടുവച്ച 30 ദിവസത്തെ വെടിനിർത്തൽ പദ്ധതി തത്വത്തിൽ അംഗീകരിക്കുന്നുവെന്ന് റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുട്ടിൻ പറഞ്ഞു. യുഎസ് ശുപാർശകൾ അംഗീകരിക്കുന്നുവെന്ന് യുക്രെയ്ൻ പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കി കഴിഞ്ഞദിവസം വ്യക്തമാക്കിയിരുന്നു. ഇതോടെ യുക്രെയ്ൻ സമാധാനത്തിനു സാധ്യത തെളിഞ്ഞു.

വെടിനിർത്തൽ പദ്ധതിയിലെ ചില നിർദേശങ്ങളിൽ വിയോജിപ്പുണ്ടെന്നും ഇക്കാര്യം യുഎസുമായി ചർച്ച ചെയ്തു പരിഹരിക്കാമെന്നും പുട്ടിൻ വ്യക്തമാക്കി. തുടർചർച്ചയ്ക്ക് ട്രംപിന്റെ പ്രത്യേക പ്രതിനിധി സ്റ്റീവ് വിറ്റ്കോഫ് മോസ്കോയിലെത്തിയിട്ടുണ്ട്. പുട്ടിനും ട്രംപും തമ്മിൽ ഫോണിൽ സംസാരിച്ചേക്കുമെന്നും റിപ്പോർട്ടുണ്ട്. യുദ്ധം അവസാനിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് ട്രംപിനു പുട്ടിൻ നന്ദി പറഞ്ഞു. സമാധാനത്തിനായി ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, ബ്രസീൽ എന്നീ രാഷ്ട്രനേതാക്കൾ നൽകുന്ന പിന്തുണയ്ക്കും മോസ്കോയിൽ വാർത്താസമ്മേളനത്തിൽ പുട്ടിൻ നന്ദി അറിയിച്ചു.



# വ്യാപാരികൾ പ്രക്ഷോഭത്തിലേക്ക്; മാർച്ച് 18 ന് കലക്ടറേറ്റ് വളയും

**കൊച്ചി:** തൊഴിൽക്കരത്തിന്റെയും ലൈസൻസ് ഫീസിന്റെയും അന്യായമായ വർധനവിനും ഉദ്യോഗസ്ഥ മാഫിയയ്ക്കും എതിരെ വ്യാപാരികൾ പ്രക്ഷോഭത്തിലേക്ക്. കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർച്ച് 18 ന് വ്യാപാരികൾ എറണാകുളം കലക്ടറേറ്റ് വളയും. രാവിലെ 10. 30 ന് ആരംഭിക്കുന്ന ഉപരോധ സമരം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് പി. സി ജേക്കബ്ബ് അധ്യക്ഷത വഹിക്കും. വ്യാപാര ലൈസൻസ് പുതുക്കൽ ഫീസ്, തൊഴിൽ കരം എന്നിവ കഴിഞ്ഞ വർഷം അടച്ച തുക തന്നെ ഈ വർഷവും അടച്ചാൽ മതിയെന്നായിരുന്നു കൊച്ചി കോർപ്പറേഷൻ അധികാരികളുമായി നടത്തിയ ചർച്ചയിൽ തീരുമാനിച്ചത്.എന്നാൽ കോർപ്പറേഷൻ, നഗരസഭ, പഞ്ചായത്ത് ഉദ്യോഗസ്ഥർ തുടർ നടപടികൾ സ്വീകരിക്കാതെ തീരുമാനം അട്ടിമറിക്കുകയാണെന്നും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും കെ.വി.വി.ഇ.എസ് ജില്ലാ പ്രസിഡന്റും സംസ്ഥാന വൈസ് പ്രസിഡന്റുമായ പി.സി ജേക്കബ്ബ് പറഞ്ഞു.

# ദേശീയ സാമ്പിൾ സർവെയുടെ 75 വർഷങ്ങൾ: ആഘോഷങ്ങൾക്ക് തുടക്കം

**കണ്ണൂർ:** നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് ഫീൽഡ് ഓപ്പറേഷൻസ് ഡിവിഷൻ കേരള നോർത്ത് റീജ്യണൽ ഓഫീസ് ദേശീയ സാമ്പിൾ സർവെയുടെ 75 വർഷങ്ങൾ എന്ന പേരിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. പെരുവയൽ ഗ്രാമപഞ്ചായത്ത് സി എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ ഹാളിൽ നടന്ന 'നാഷണൽ സാമ്പിൾ സർവ്വേ: ചരിത്രവും പ്രാധാന്യവും സർവ്വേ പ്രയോജനങ്ങളും' ക്യാമ്പയിനിൽ ആശാ പ്രവർത്തകർ ഉൾപ്പെടെ നൂറിലധികം പേർ പങ്കെടുത്തു. ക്യാമ്പയിനിന്റെ ഭാഗമായി വിവിധ അങ്കണവാടികളിലും മറ്റ് പൊതുസ്ഥലങ്ങളിലും വിവിധയിനം തൈകൾ നട്ടു. സാമ്പിൾ സർവെയെക്കുറിച്ചുള്ള ലഘുലേഖകളും വിതരണം ചെയ്തു. ആഘോഷപരിപാടികൾ ഒക്ടോബർ വരെ നീണ്ടുനിൽക്കും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുബിത തോട്ടഞ്ചേരി, എൻ.എസ്.ഒ ഡയറക്ടറും റീജ്യണൽ മേധാവിയുമായ എഫ്. മുഹമ്മദ് യാസിർ, ഡി.ഇ.എസ് ഡെപ്യൂട്ടി ഡയറക്ടർ രാജേഷ്, എൻ.എസ്.ഒ അസിസ്റ്റന്റ് ഡയറക്ടർ പി.കെ ജനാർദ്ദനൻ എന്നിവർ സംസാരിച്ചു.

# പകർച്ചവ്യാധികൾ തടയുന്നതിന് പരിശോധന കർശനമാക്കും

**കൊച്ചി:** ജില്ലയിൽ പകർച്ചവ്യാധികളുടെ പ്രതിരോധവും നിയന്ത്രണവും ശക്തമാക്കുന്നതിന് പൊതുജനാരോഗ്യനിയമം കർശനമായി നടപ്പിലാക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അധ്യക്ഷനും ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഉപാധ്യക്ഷനുമായ ജില്ലാ പൊതുജന ആരോഗ്യ സമിതിയുടെ യോഗം തീരുമാനിച്ചു.

പകർച്ചവ്യാധികളുടെ സ്ഥിതിവിവരങ്ങൾ യോഗം വിലയിരുത്തി . ഹെപ്പറ്റൈറ്റിസ് എ, ഡെങ്കിപ്പനി എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവത്കരണത്തോടൊപ്പം പൊതുജനാരോഗ്യ നിയമം കർശനമായി നടപ്പിലാക്കേണ്ടതുണ്ടെന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ അറിയിച്ചു. ഫ്ലാറ്റുകളിലേക്ക് കുടിവെള്ളം എത്തിക്കുന്ന ടാങ്കർ ലോറികളുടെ പരിശോധന, ഭക്ഷണം വിതരണം ചെയ്യുന്ന ഹോട്ടലുകൾ, കാറ്ററിംഗ് യൂണിറ്റുകൾ എന്നിവിടങ്ങളിലെ പരിശോധന, കുടിവെള്ളത്തിന്റെ ക്ലോറിനേഷൻ എന്നിവ ഉറപ്പാക്കുന്നതിന് പരിശോധന കർശനമാക്കാൻ പോലീസ് , ഭക്ഷ്യസുരക്ഷാ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുമെന്ന് ജില്ലാ കളക്ടർ ചടഗ ഉമേഷ് പറഞ്ഞു.ജില്ലാ മെഡിക്കൽ ആഫീസർ ഡോ. ആശാദേവി റിപ്പോർട്ട് അവതരിപ്പിച്ചു.

ജില്ലയിൽ പൊതുജനാരോഗ്യനിയമം 2023 കർശനമായി നടപ്പിലാക്കുന്നതിനു കോർപ്പറേഷൻ മേഖലയിലും പഞ്ചായത്ത് തലത്തിലും പ്രാദേശിക സമിതികൾ കൂടിയിട്ടുണ്ടെന്നും യോഗം വിലയിരുത്തി. പൊതുജനാരോഗ്യ നിയമം പ്രകാരം ജില്ലയിൽ മൂന്ന് സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. രണ്ടു സ്ഥാപനങ്ങൾക്കെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

പ്രധാനമായും തൃക്കാക്കര മുനിസിപ്പാലിറ്റി, കളമശ്ശേരി മുനിസിപ്പാലിറ്റി, തിരുവാണിയൂർ, ഏലൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഫ്ലാറ്റുകൾ എന്നിവിടങ്ങളിൽ ഹെപ്പറ്റൈറ്റിസ് എ രോഗ വർദ്ധന ഉണ്ടാവുന്നുണ്ടെന്നും ഡെങ്കി കേസുകൾ കഴിഞ്ഞ മാസത്തേക്കാളും കുറഞ്ഞിണ്ടെന്നും യോഗം വിലയിരുത്തി. തൊഴിലാളികൾക്കിടയിൽ മലേറിയ രോഗ ബാധിതരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ പരിശോധന ശക്തമാക്കാനും തീരുമാനിച്ചു. അതിഥി തൊഴിലാളികൾക്കിടയിൽ വ്യാജപേരിൽ ഹെൽത്ത് കാർഡ് എടുക്കുന്നതു ശ്രദ്ധയിൽ പെട്ടിട്ടുള്ള സാഹചര്യത്തിൽ കർശന നടപടി സ്വീകരിക്കുന്നതിന് സമിതി തീരുമാനിച്ചു.മഞ്ഞപ്പിത്തം പടരുന്നത് തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറി, കൗൺസിലർമാർ, ആശാ പ്രവർത്തകർ, ആരോഗ്യവകുപ്പ് ജീവനക്കാർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുന്നതിന് യോഗത്തിൽ തീരുമാനിച്ചു.



# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിദ്യാഭ്യാസരംഗത്ത് കൂടുതൽ കരുത്തേകും: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

**കണ്ണൂർ:** സംസ്ഥാനത്ത് വിദ്യാഭ്യാസരംഗം പുതിയ വിജ്ഞാന സാധ്യതകൾക്കനുസരിച്ച് നവീകരിച്ചുകൊണ്ടിരിക്കുകയാണെന്നും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി അതിന് കൂടുതൽ കരുത്തേകുമെന്നും രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. സ്കൂൾ വിദ്യാഭ്യാസ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രഖ്യാപനവും ജില്ലാ തല സമിതി ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുക എന്ന പ്രധാനപ്പെട്ട സാമൂഹ്യ ഉത്തരവാദിത്വം തദ്ദേശസ്ഥാപനങ്ങൾ ഗൗരവപൂർവം ഏറ്റെടുക്കണം. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്ന പദ്ധതി കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കണമെന്നും മന്ത്രി പറഞ്ഞു.

സാങ്കേതികവിദ്യ സൗഹൃദ ക്ലാസ്റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, മൂല്യനിർണയ രീതിശാസ്ത്രം പരിഷ്കരിക്കുകയും സമഗ്രമായി നടപ്പാക്കുകയും ചെയ്യുക, അധ്യാപക പരിശീലനം നവീകരിക്കുക, വിദ്യാഭ്യാസ രംഗത്തെ ഗവേഷണപ്രവർത്തനങ്ങൾ നവീകരിക്കുക, ഗുണമേന്മാ വിദ്യാഭ്യാസത്തിനായി സമൂഹത്തിലെ മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ, സമിതികൾ എന്നിവയുടെ സഹകരണം ഉറപ്പാക്കുക തുടങ്ങിയവയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.കെ രത്നകുമാരി അധ്യക്ഷയായി. ജില്ലാ കലക്ടർ അരുൺ. കെ. വിജയൻ മുഖ്യാതിഥിയായി. കണ്ണൂർ ഡയറ്റ് പ്രിൻസിപ്പൽ വി.വി പ്രേമരാജൻ സംസ്ഥാനതല പ്രവർത്തനാവതരണം നടത്തി. സമഗ്ര ശിക്ഷാ കണ്ണൂർ ഡി.പി.സി ഇ.സി വിനോദ്, വിദ്യാകിരണം കോ ഓർഡിനേറ്റർ കെ.സി സുധീർ എന്നിവർ ജില്ലാതല പ്രവർത്തങ്ങളും ജില്ലാതല തുടർപ്രവർത്തനങ്ങളും വിവരിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ, കണ്ണൂർ കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുരേഷ്ബാബു എളയാവൂർ, ഡിഡിഇ ഇൻ ചാർജ് എ.എസ് ബിജേഷ്, കണ്ണൂർ ആർ.ഡി.ഡി ആർ.രാജേഷ് കുമാർ, ജില്ലാ പ്ലാനിങ് ഓഫീസർ നെനോജ് മേപ്പടിയത്ത് തുടങ്ങിയവർ സംസാരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യാഗസ്ഥർ, അധ്യാപക സംഘടനാ നേതാക്കൾ തുടങ്ങിയവർ ജില്ലാ വിദ്യാഭ്യാസ സമിതി രൂപീകരണത്തിലും സെമിനാറിലും പങ്കെടുത്തു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലാതല വിദ്യാഭ്യാസ സമിതി രൂപീകരിച്ചു. സമിതിയിൽ ജില്ലയിലെ മന്ത്രിമാർ രക്ഷാധികാരിയും എംപിമാരും എംഎൽഎമാരും ഉപരക്ഷാധികാരികളുമാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ ആസൂത്രണ സമിതി ചെയർമാനുമാണ് സമിതിയുടെ അധ്യക്ഷൻമാർ. മേയർ/ മുൻസിപ്പൽ ചെയർമാൻ ഉപാധ്യക്ഷരും ജില്ലാ കലക്ടർ സെക്രട്ടറിയാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ ആണ് കൺവീനർ. തദ്ദേശ സ്ഥാപന പ്രതിനിധികൾ, ഡയറ്റ് പ്രിൻസിപ്പൽ, എസ്എസ്കെ, ഡിപിസി, ഡിഇഒ, എഇഒ പ്രതിനിധി എന്നിവർ അംഗങ്ങളായുമാണ് സമിതി രൂപീകരിച്ചത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കും.

# വൈപ്പിൻ കരയിലേക്ക് കൂടുതൽ ബസുകൾ ഏർപ്പെടുത്തും മന്ത്രി കെ. ബി ഗണേഷ് കുമാർ

**കൊച്ചി:** വൈപ്പിൻകരയുടെ നിരവധി കാലത്തെ പോരാട്ടത്തിലൂടെ ഗോശ്രീ ബസുകളുടെ നഗരപ്രവേശനത്തിന് തുടക്കമായിരിക്കുകയാണെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ. ബി ഗണേഷ് കുമാർ.നിലവിൽ അനുവദിച്ചിരിക്കുന്ന ബസ്സുകൾ ഉപയോഗപ്പെടുത്തി വിജയിപ്പിച്ചാൽ കൂടുതൽ ബസ്സുകൾ വൈപ്പിനിലേക്ക് വിട്ടു നൽകുമെന്നും മന്ത്രി പറഞ്ഞു.

ഗോശ്രീ ബസ്സുകളുടെ നഗര പ്രവേശനം ഫ്ലാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

പത്ത് കെ. എസ്. ആർ. ടി സി ബസുകൾക്കും നാല് പ്രൈവറ്റ് ബസുകളുമാണ് നഗരത്തിലേക്ക് പ്രവേശിക്കുന്നത്. എറണാകുളം നഗരത്തിന്റെ വിവിധ മേഖലകളിലേക്ക് വൈപ്പിനിൽ നിന്ന് ഗതാഗത സൗകര്യം ഒരുങ്ങുകയാണ് ഇതിലൂടെ. ആദ്യ ഘട്ടമായി കളമശ്ശേരി മെഡിക്കൽ കോളേജ്, വൈറ്റില, കാക്കനാട്, ഫോർട്ട് കൊച്ചി, തൃപ്പൂണിത്തുറ എന്നിവിടങ്ങളിലേക്കാണ് ബസുകൾ. ഈ ബസ്സുകൾ ഉപയോഗിച്ച് വിജയിപ്പിക്കേണ്ടത് ഇവിടുത്തെ ജനങ്ങളുടെ ഉത്തരവാദിത്തമാണ്. ഭാവിയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് ബസ്സുകൾ അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.

കെഎസ്ആർടിസിയിൽ ആധുനിക രീതിയിലുള്ള കുറ്റമറ്റ സംവിധാനം കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. നഷ്ടം കുറച്ചു കൊണ്ടുവരാൻ സാധിച്ചു. ജീവനക്കാർക്ക് ഒന്നാം തീയതി തന്നെ ശമ്പളം കൊടുക്കാൻ കഴിയുന്ന സാഹചര്യം ഉടൻതന്നെ സാധ്യമാകും. ആധുനിക രീതിയിലുള്ള പുതിയ ബസുകൾ കൊണ്ടുവരാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഗ്രാമീണ റോഡുകളിൽ പോലും ആധുനിക രീതിയിലുള്ള ബസുകൾ കൊണ്ടുവരും.

ഗതാഗത സൗകര്യമില്ലാത്ത ഉൾനാടൻ മേഖലകളിൽ പൊതുഗതാഗതം ശക്തിപ്പെടുത്തും. നിലവിൽ ബസ് റൂട്ടുകൾ ഒന്നുമില്ലാത്ത ഇത്തരം മേഖലകൾ എം. എൽ എ മാർ വഴിയും ഗ്രാമസഭകൾ വഴിയും ജനകീയമായ ചർച്ചകളിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഈ റൂട്ടുകളിൽ ലൈസൻസ് നൽകും. പെർമിറ്റ് നൽകുന്നത് ഒഴിവാക്കി ഒരു റൂട്ടിൽ മിനിമം രണ്ട് ബസ് എന്ന രീതിയിലായിരിക്കും ലൈസൻസ് നൽകുക. 503 പുതിയ റൂട്ടുകൾക്ക് ഉടൻതന്നെ അനുമതി നൽകും.

മാറ്റങ്ങളുടെ പാതയിലാണ് കെ.എസ്.ആർ ടി.സി. മൂന്നാറിൽ ആരംഭിച്ച ഡബിൾ ഡക്കർ എ.സി ബസ് വിജയകരമായി മുന്നോട്ടു പോകുകയാണ്. ഒരുമാസം പിന്നിട്ടപ്പോൾ 13,13,400 രൂപയുടെ നേട്ടം ഉണ്ടായി. കെഎസ്ആർടിസി ജീവനക്കാർ തന്നെ രൂപകൽപ്പന ചെയ്തു നിർമ്മിച്ച ബസാണ് എന്നത് മറ്റൊരു പ്രത്യേകതയാണ്. ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ബസുകൾ ഇറക്കാനാണ് കെഎസ്ആർടിസി ശ്രമിക്കുന്നത്. ബഡ്ജറ്റ് ടൂറിസത്തിന്റെ ഭാഗമായി 700 വണ്ടികൾ ആറ്റുകാൽ പൊങ്കാലയോട് അനുബന്ധിച്ച് നിരത്തിലിറങ്ങിയതായും മന്ത്രി പറഞ്ഞു.

വൈപ്പിൻ ഗോശ്രീ ജംഗ്ഷനിൽ നടന്ന പരിപാടിയിൽ കെ. എൻ ഉണ്ണികൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു. നിരവധി കാലത്തെ ജനങ്ങളുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായാണ് ഗോശ്രീ ബസുകളുടെ നഗരപ്രവേശനത്തിന് തുടക്കമായിരിക്കുന്നത്. ദീർഘ നാളായിട്ടുള്ള സ്വപ്നം യാഥാർത്ഥ്യമായിരിക്കുകയാണെന്നും എം. എൽ. എ പറഞ്ഞു.

ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സരിത സനിൽ, വൈപ്പിൻ പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ, ജില്ലാ പഞ്ചായത്ത് മെമ്പർ എം വി ഷൈനി, വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ, സിനിമാതാരങ്ങളായ അന്ന ബെൻ, പൗളി വിൽസൺ, അബ്ദുൽ മജീദ്, തിരക്കഥാകൃത്ത് ബെന്നി പി നായരമ്പലം, ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ശ്വാസകോശത്തിൽ കുടുങ്ങിയ മീൻമുള്ള് ഒരു വർഷത്തിനു ശേഷം നീക്കം ചെയ്തു

**കൊച്ചി:** 64കാരനായ അബ്ദുൾ വഹാബിന് ഒരു വർഷത്തിലേറെയായി ഇടത് വശത്ത് നെഞ്ചുവേദന, ചുമ, നേരിയ ശ്വാസതടസ്സം എന്നിവ അനുഭവപ്പെട്ടിരുന്നു. എന്നാൽ കാരണമെന്തെന്ന് വ്യക്തമല്ല. പല ആശുപത്രികളിലും ചികിത്സ തേടി. സ്കാനിങ്ങിൽ ശ്വാസകോശത്തിൽ ഒരു വളർച്ച കണ്ടെത്തി. ട്യൂമർ ആണെന്ന തെറ്റായ രോഗനിർണയം കാരണം പിന്നീട് അതിനുള്ള ചികിത്സ. എന്നാൽ അവസ്ഥയ്ക്ക് മാറ്റമില്ല. ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായത് എന്താണെന്ന് തിരിച്ചറിയാൻ ഒരുപാട് വൈകി. ഒടുവിൽ വിപിഎസ് ലേക്ഷോറിൽ നടത്തിയ വിദഗ്ദ പരിശോധനയിൽ ശ്വാസകോശത്തിൽ കുടുങ്ങിയ മീൻമുള്ള് കണ്ടെത്തിയത്.

തുടർന്ന് അപൂർവവും സങ്കീർണ്ണവുമായ ബ്രോങ്കോസ്കോപ്പിക് ശസ്ത്രക്രിയയിലൂടെ വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ ഡോക്ടർമാർ അബ്ദുൾ വാഹിബിന്റെ ശ്വാസകോശത്തിൽ ഒരു വർഷത്തിലേറെയായി കുടുങ്ങിക്കിടന്ന 2 സെന്റീമീറ്റർ നീളമുള്ള മീൻമുള്ള് പുറത്തെടുത്തു.

ഹൈപ്പർടെൻഷനും ടൈപ്പ് കക പ്രമേഹവും ഉള്ള അബ്ദുൾ വാഹിബിന് പോളിപോയ്ഡൽ മാസ്, ശ്വാസകോശത്തിൽ കുടിങ്ങിയ മീൻമുള്ള് എന്നിവകാരണം ലോവർ ഒബ്സ്ട്രക്റ്റീവ് ന്യുമോണിയ ആവർത്തിച്ചുവന്നിരുന്നു.



എൻഡോസ്കോപ്പിക് പരിശോധനയിലാണ് അദ്ദേഹത്തിന്റെ ശ്വാസകോശത്തെ തടസ്സപ്പെടുത്തുന്ന വളർച്ച കണ്ടെത്തിയത്. കൂടുതൽ പരിശോധനയിലൂടെ മീൻമുള്ളിന്റെ സാന്നിധ്യം സ്ഥിരീകരിച്ചു. ദീർഘകാലം അത് ഉള്ളിൽ ഇരുന്നതിനാൽ ഗ്രാനുലോമാറ്റസ് ടിഷ്യു രൂപീകരണത്തിന് കാരണമായി.വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിലെ കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ. മുജീബ് റഹ്മാനാണ് ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത്. ജനറൽ അനസ്തേഷ്യയിലാണ് ബ്രോങ്കോസ്കോപ്പിക് പോളിപെക്ടമി നടത്തിയത്. ദീർഘകാലം കുടുങ്ങി കിടന്നതിനാൽ മുള്ള് ശ്വാസകോശത്തിൽ കടുത്ത ഇറിറ്റേഷനും ടിഷ്യു വളർച്ചയും ഉണ്ടാക്കിയിരുന്നു. ഇത് നീക്കം ചെയ്യുന്നത് വെല്ലുവിളിയായെങ്കിലും ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘം അത് വിജയകരമായി വേർപെടുത്തി.ഒരു വർഷത്തിലേറെയായി രോഗിക്ക് തുടർച്ചയായ ശ്വാസതടസ്സം അനുഭവപ്പെട്ടിരുന്നു. രോഗം കൃത്യമായി നിർണ്ണയിക്കുന്നതിൽ എൻഡോസ്കോപ്പിക് പരിശോധന നിർണായക പങ്ക് വഹിച്ചു. മുള്ളിന് ചുറ്റുമുള്ള വിപുലമായ ഗ്രാനുലേഷൻ ടിഷ്യു രൂപീകരണം കാരണം ഈ ശസ്ത്രക്രിയ വെല്ലുവിളി നിറഞ്ഞതായിരുന്നു. മീൻമുള്ള് നീക്കം ചെയ്തതിന് ശേഷം അദ്ദേഹം ഇപ്പോൾ സുഖം പ്രാപിച്ചുവരുന്നുവെന്ന് ഡോ. മുജീബ് റഹ്മാൻ പറഞ്ഞു.

# കേര ഗ്രാമങ്ങൾ സ്വന്തം ബ്രാൻഡിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം: മന്ത്രി പി പ്രസാദ്

**കോഴിക്കോട്:** എല്ലാ കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണമെന്ന് കൃഷി മന്ത്രി പി പ്രസാദ്.

കൃഷിക്കാരന് കാർഷികോൽപ്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭിക്കണമെങ്കിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തിലൂടെയും വിപണനത്തിലൂടെയും മാത്രമാണ് സാധ്യമാവുക. കൃഷികൊണ്ട് അന്ത:സാർന്ന ജീവിതം നയിക്കാൻ കൃഷിക്കാരന് കഴിയണം. ശാസ്ത്രീയമായ കൃഷി രീതികൾ അവലംബിക്കുന്നതിലൂടെയും യന്ത്രവൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം തദ്ദേശീയമായി തന്നെ നൽകും.

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചെക്യാട്, നാദാപുരം ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയുടെയും സോയിൽ ഹെൽത്ത് കാർഡ് വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ കേരഗ്രാമം പദ്ധതി ഉദ്ഘാടനം പാറക്കടവ് പഞ്ചായത്ത് മിനി കമ്മ്യൂണിറ്റി ഹാളിലും നാദാപുരം ഗ്രാമപഞ്ചായത്തിന്റേത് നാദാപുരം പഞ്ചായത്ത് ഓഡിറ്റോറിയത്തിലുമാണ് നടന്നത്.

നാളികേര ഉൽപാദനത്തിൽ നാം ഇനിയും മുന്നേറേണ്ടതുണ്ടെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. കേരഗ്രാമം പദ്ധതിയിലൂടെ നാളികേരത്തിന്റെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കാൻ കഴിഞ്ഞു. കർഷകർക്കു ഗുണപ്രദമാകുന്ന എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നുണ്ട്.

കാർഷിക മേഖലയിൽ കഴിഞ്ഞ വർഷം 4.65% വളർച്ചയാണ് ഉണ്ടായത്. കേരളത്തിന്റെ ഘടനയിലെ ശക്തിയും ദൗർബ്ബല്യവും മനസിലാക്കി കൊണ്ടുള്ള ഇടപെടലുകളാണ് കാർഷിക മേഖലയിൽ നടത്തുന്നത്.

കാർഷിക വിളകൾ നശിപ്പിക്കുന്ന വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിനായി ക്രിയാത്മക സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് കൃഷിവകുപ്പ് പ്രവർത്തിക്കും.തരിശായി കിടക്കുന്ന പരമാവധി സ്ഥലങ്ങളെ കൃഷി യോഗ്യമാക്കി കൃഷി ഇറക്കണം.

ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുക, തെങ്ങിൻ തോപ്പുകളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമഗ്രകൃഷി, സംയോജിത കീടരോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, മെച്ചപ്പെട്ട ജല സേചന സൗകര്യം ഒരുക്കൽ എന്നിങ്ങനെ വിവിധ ഇനങ്ങളിലായി നാദാപുരം, ചെക്യാട് ഗ്രാമപഞ്ചായത്തുകളിൽ 29 ലക്ഷം രൂപ വീതം കേരഗ്രാമത്തിന് വേണ്ടി ചിലവഴിച്ചിട്ടുണ്ട്.ഇ കെ വിജയൻ എംഎൽഎ രണ്ട് പരിപാടികളിലും അധ്യക്ഷത വഹിച്ചു.

ചെക്യാട് ഗ്രാമപഞ്ചായത്ത്തല ഉദ്ഘാടനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നസീമ കൊട്ടാരത്ത്, തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വനജ കെ പി, വൈസ് പ്രസിഡന്റ് വസന്ത കരിന്ത്രയിൽ, സ്ഥിരം സമിതി അധ്യക്ഷന്മാരായ സി എച്ച് സമീറ, സുബൈർ പാറേമ്മൽ, റംല കുട്ട്യാപണ്ടി, തൂണേരി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ധ്വര കെ, ചെക്യാട് ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ഹാജറ ചെറൂണിയിൽ, ടി കെ ഖാലിദ് മാസ്റ്റർ, കെ പി മോഹൻദാസ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പ്രിൻസിപ്പൽ കൃഷി ഓഫീസർ സപ്ന എസ് പദ്ധതി വിശദീകരിച്ചു. മികച്ച കർഷകനായ അബ്ദുല്ല വയലോളിയെ ആദരിച്ചു.

നാദാപുരം ഗ്രാമപഞ്ചായത്ത് തല പരിപാടിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി വി മുഹമ്മദലി,തൂണേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വനജ കെ പി, ജില്ലാ പഞ്ചായത്ത് മെമ്പർ സി വി എം നജ്മ, നാദാപുരം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട്, തൂണേരി ബ്ലോക്ക് പഞ്ചായത്ത് ക്ഷേമ കാര്യ സ്ഥിരം സമിതി അധ്യക്ഷൻ രജീന്ദ്രൻ കപ്പള്ളി, നാദാപുരം പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷന്മാരായ സി കെ നാസർ, എം സി സുബൈർ, ജനീദ ഫിർദൗസ്, ബ്ലോക്ക് പഞ്ചായത്ത മെമ്പർമാരായ എ സജീവ്, സി എച്ച് നജ്മ ബീവി, ഗ്രാമപഞ്ചായത്ത് മെമ്പർ പി പി ബാലകൃഷ്ണൻ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. മികച്ച കേര കർഷകനായ ഇബ്രാഹിം പുലിയച്ചേരിയെ ആദരിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ സപ്ന എസ് പദ്ധതി വിശദീകരിച്ചു.

# സംസ്കൃത സർവ്വകലാശാലയിൽ കൂട്ട് 25 നാളെ

**കൊച്ചി:** കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സാമൂഹ്യപ്രവർത്തക വിഭാഗം വിദ്യാർത്ഥികളുടെ സംഗമം 'കൂട്ട് 25 മാർച്ച് 15ന് കാലടി മുഖ്യ ക്യാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. സർവ്വകലാശാലയുടെ കാലടി, തിരൂർ, പയ്യന്നൂർ ക്യാമ്പസുകളിലാണ് എം.എസ്.ഡബ്ല്യു. കോഴ്സ് നടക്കുന്നത്. വൈകിട്ട് ഏഴിന് സംഘടിപ്പിക്കുന്ന സംഗമം രജിസ്ട്രാർ ഡോ. മോത്തി ജോർജ് ഉദ്ഘാടനം ചെയ്യും. സാമൂഹ്യപ്രവർത്തക വിഭാഗം തലവൻ ഡോ. ജോസ് ആന്റണി അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. എം. സത്യൻ, ഫിനാൻസ് ഓഫീസർ സിൽവി കൊടക്കാട്ട്, വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടർ ഡോ. വി.കെ. ഭവാനി, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ അശ്വന്ത് പി.എം., ഡോ. അനിത എ., അനസ് എം.കെ., ഡോ. ഷീലാമ്മ ആർ., അക്ഷയ് വി.എസ്. എന്നിവർ പ്രസംഗിക്കും. തുടർന്ന് കലാസാംസ്കാരികപരിപാടികൾ നടക്കും.

# ജീവനി സെൽ: ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊച്ചി:** ജീവനി സെല്ലിന്റെ ഭാഗമായി മഹാരാജാസ് കോളേജിൽ അധ്യാപകർക്കായി വിദ്യാർത്ഥികളെ അറിയുക എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. എറണാകുളം ജനറൽ ഹോസ്പിറ്റൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എസ് എസ് വിനോദ് ക്ലാസിന് നേതൃത്വം നൽകി.

കോളേജ് വിദ്യാർത്ഥികളിൽ മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധം മെച്ചപ്പെടുത്തുക, മാനസിക പ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുക, ലഹരി ഉപയോഗങ്ങൾ തിരിച്ചറിയുക, ശാസ്ത്രീയമായ പരിഹാരം മാർഗങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജീവനി പദ്ധതി ക്യാമ്പസിൽ നടപ്പിലാക്കുന്നത്. വിദ്യാർഥികളുടെ മനോസംഘർഷം ലഘൂകരിച്ച് മെച്ചപ്പെട്ട കലാലയ ജീവിതവും ഉന്നതവിദ്യാഭ്യാസവും കൈവരിക്കുന്നതിന് പ്രാപ്തരാക്കാൻ 2019 മുതൽ കോളജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയവരുടെ സേവനം വിദ്യാർത്ഥികൾക്ക് ലഭ്യമാണ്.

കലാലയത്തിൽ എത്തുന്ന വിദ്യാർത്ഥികളിൽ പ്രകടമാകുന്ന മാനസിക പ്രശ്നങ്ങൾ തിരിച്ചറിയുക, അവയ്ക്ക് എന്ത് പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കാം തുടങ്ങിയ വിഷയങ്ങളിൽ അധ്യാപകരെ കൂടുതൽ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെയാണ് കോളേജിൽ അധ്യാപകർക്കായി ക്ലാസ് സംഘടിപ്പിച്ചത്.

മഹാരാജാസ് കോളേജ് ജെ എൻ ആർ ഹാളിൽ നടന്ന പരിപാടിയിൽ ഇംഗ്ലീഷ് വിഭാഗം അധ്യാപികയും ജീവനി കോർഡിനേറ്ററുമായ ഡോ കെ ജി മഞ്ജുഷ, ജീവനി സെൽ കോളേജ് സൈക്കോളജിസ്റ്റ് പി എസ് ലക്ഷ്മി, മറ്റ് അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

# പച്ച മലയാളം കോഴ്സിന്റെ രണ്ടാം ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ തുടങ്ങി

**കോഴിക്കോട്:** സംസ്ഥാന സാക്ഷരത മിഷൻ നടത്തുന്ന പച്ച മലയാളം സർട്ടിഫിക്കറ്റ് അടിസ്ഥാന കോഴ്സിന്റെ രണ്ടാം ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ നേടേണ്ട മലയാള ഭാഷാ പഠന ശേഷികൾ സ്വായത്തമാക്കാൻ പര്യാപ്തമായ രീതിയിൽ തയ്യാറാക്കിയ കോഴ്സിന് അടിസ്ഥാന കോഴ്സ്, അഡ്വാൻസ് കോഴ്സ് എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായാണ് പഠനാവസരമൊരുക്കിയിട്ടുള്ളത്. 17 വയസ് പൂർത്തിയായ, മലയാളം അറിയാത്തവർക്ക് കൂടി മാതൃഭാഷ പഠിക്കാൻ വേണ്ടിയാണ് ആറു മാസം കാലാവധിയുള്ള അടിസ്ഥാന കോഴ്സ് നടത്തുന്നത്. പച്ച മലയാളം കോഴ്സിന്റെ പ്രചാരണ ക്യാമ്പയിൻ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി യോഗത്തിൽ ചെയർമാൻ നിഷ പുത്തൻ പുരയിൽ നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗങ്ങളായ മുക്കം മുഹമ്മദ്, നാസർ എസ്റ്റേറ്റ് മുക്ക്, കൂടത്താങ്കണ്ടി സുരേഷ്, എൻ എം വിമല, സാക്ഷരത മിഷൻ ജില്ലാ കോർഡിനേറ്റർ പി വി ശാസ്ത പ്രസാദ്, ജില്ലാ പഞ്ചായത്ത് ജൂനിയർ സുപ്രണ്ട് ബിന്ദു പി ആർ, പ്ലാൻ ക്ലർക്ക് സുരേഷ് കുമാർ പി കെ എന്നിവർ പങ്കെടുത്തു. ഫോൺ: 04952370053.

# അപ്പാർട്ട്മെന്റ് ഉടമസ്ഥർ രേഖകൾ സമർപ്പിക്കണം

**കൊല്ലം:** ജില്ലയിൽ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ നിർമ്മിച്ചതും (ഹൗസിംഗ് ബോർഡ് ഒഴികെ) നിലവിൽ താമസത്തിനായി ഉപയോഗിക്കുന്ന അപ്പാർട്ട്മെന്റുകൾ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, റെസിഡൻസ് അസ്സോസിയേഷനുകൾ രജിസ്റ്റർ ചെയ്ത രേഖകൾ എന്നിവ സഹിതം കോമ്പീറ്റന്റ് അതോറിറ്റി ആയ അഡിഷണൽ ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ സമർപ്പിക്കണം. കേരള അപ്പാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് 1983 ലെ വ്യവസ്ഥകൾക്ക് വിധേയമായുള്ള രജിസ്ട്രേഷൻ നടപടികൾക്കാണിത്. ഫ്ളാറ്റുകളിലെ താമസക്കാർ തമ്മിലുള്ള പ്രശ്നങ്ങൾ, ഫ്ളാറ്റ് പരിപാലനം സംബന്ധിച്ച പരാതികളിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ അനിവാര്യമാണ്. ഫോൺ: 0474 2794002, 2794004.




# ശ്രീനാരായണ ദർശനങ്ങൾക്ക് പ്രസക്തി വർദ്ധിച്ചു: പ്രൊഫ. എം. എ. സിദ്ദിഖ്

**കൊച്ചി:** ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളെയും പ്രവർത്തനങ്ങളെയും വിവിധ വഴികളിലൂടെ സമീപിക്കാനാവുമെന്ന് കേരള സർവകലാശാലയിലെ മലയാള വിഭാഗം പ്രൊഫസർ ഡോ. എം. എ. സിദ്ദിഖ് പറഞ്ഞു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യ വിഭാഗം കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച മൂന്നാമത് 'പ്രൊഫ. ധർമ്മരാജ് അടാട്ട് എൻഡോവ്മെന്റ്' പ്രഭാഷണം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. 'ശ്രീനാരായണ വിജ്ഞാനീയം' എന്നതായിരുന്നു പ്രഭാഷണ വിഷയം. ഗുരു, സമൂഹത്തിൽ നിന്നും ദൂരെക്കളഞ്ഞ ആചാരങ്ങളെയും സങ്കല്പങ്ങളെയും കെട്ടിയെഴുന്നള്ളിക്കുന്ന വർത്തമാനകാല സമൂഹത്തെ അദ്ദേഹം വിമർശന വിധേയമാക്കി. അനുദിനം പ്രസക്തമായിക്കൊണ്ടിരിക്കുന്നവയാണ് ഗുരുദർശനങ്ങൾ, പ്രൊഫ. സിദ്ദിഖ് പറഞ്ഞു. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഡയറക്ടർ പ്രൊഫ. അജിത്കുമാർ കെ. വി. അധ്യക്ഷനായിരുന്നു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ടി. മിനി, ഡോ. എം. സത്യൻ, ഡോ. കെ. എൽ. പദ്മദാസ് എന്നിവർ പ്രസംഗിച്ചു.

# യുജി,പിജി പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സെന്റർ ഫോർ എൻവിറോൺമെന്റൽ പ്ലാനിംഗ് ആൻഡ് ടെക്നോളജി (സിഇപിടി) സർവകലാശാലയിലെ പ്ലാനിംഗ് ഫാക്കൽറ്റി(എഫ്പി) 2025ലെ യുജി, പിജി പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.കഴിവുള്ള നഗര ആസൂത്രകരുടെയും ഡിസൈനർമാരുടെയും ആവശ്യകത അത്യന്താപേക്ഷിതമാണെന്ന് സിഇപിടി സർവകലാശാലയിലെ ടെക്നോളജി ഫാക്കൽറ്റി ഡീൻ പ്രൊഫസർ ശാലിനി സിൻഹ പറഞ്ഞു.പ്രവേശനങ്ങളെയും സ്കോളർഷിപ്പുകളെയും കുറിച്ചുള്ള വിശദാംശങ്ങൾക്ക്: https://admissions.cept.ac.in/cept-adm-login.php, https://cept.ac.in/21/700/student-services/student-financial-aid സന്ദർശിക്കുക.

# ഉടലും ഉടുപ്പും പ്രദർശനം 17ന് തുടങ്ങും

**കൊച്ചി:** കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ സെന്റർ ഫോർ മ്യൂസിയം സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ അണിഞ്ഞൊരുങ്ങിയ കേരളശരീരങ്ങളെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന പഞ്ചദിന പ്രദർശനം മാർച്ച് 17ന് കാലടി മുഖ്യ ക്യാമ്പസിലുള്ള കനകധാര ഓഡിറ്റോറിയത്തിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെയാണ് പ്രദർശനസമയം. 17ന് രാവിലെ 11ന് രജിസ്ട്രാർ ഡോ. മോത്തി ജോർജ് പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. കഴിഞ്ഞ വർഷത്തെ പ്രദർശനത്തിന്റെ മ്യൂസിയം കാറ്റലോഗ് രജിസ്ട്രാർ ഡോ. മോത്തി ജോർജ് പ്രകാശനം ചെയ്യും. ചരിത്രാതീത കാലത്തെ പുരാവസ്തുശേഖരണത്തിൽ പ്രതിഭ തെളിയിച്ച എ.കെ. അലിയെ ആദരിക്കും. പ്രദർശനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ശില്പശാലയിൽ ഡോ. വിനിൽ പോൾ, അനഘ പി.ജെ., കൃഷ്ണപ്രിയ രാജീവ്, ഡോ. എൻ.ജെ. ഫ്രാൻസീസ്, ഡോ. കെ.എം. ഷീബ, അപർണ ഗോപാൽ കെ., ഷെഫറീൻ പി.വി., ശ്രീഹരി കെ. പിള്ള, അനുജ എം. രാംദാസ്, അനഘ എം. എന്നിവർ വിവിധവിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

# നാഷണൽ കോൺഫറൻസ് ഇൻക്ലൂസിയ 25 ഇന്ന്

**കൊച്ചി:** കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സാമൂഹ്യപ്രവർത്തക വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യക്യാമ്പസിൽ സംഘടിപ്പിക്കുന്ന നാഷണൽ കോൺഫറൻസ് 'ഇൻക്ലൂസിയ 25' ഇന്ന് രാവിലെ 10ന് ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി കോൺഫറൻസിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. സാമൂഹ്യപ്രവർത്തകവിഭാഗം മേധാവി ഡോ. ജോസ് ആന്റണി അധ്യക്ഷനായിരിക്കും. നാരി പുരസ്കാര ജേതാവ് ടിഫാനി ബ്രാർ, ഡോ. സീമ ഗിരിജ ലാൽ, ഡോ. രേഷ്മ ഭരദ്വാജ് എന്നിവർ പ്രസംഗിക്കും. വിവിധ വിഷയങ്ങളിൽ വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യാതിഥിയായിരിക്കും. അനീഷ് കെ. കെ., അമിത പി. എന്നിവർ പ്രസംഗിക്കും.

# ലഹരിവിരുദ്ധ ഹ്രസ്വചിത്ര മൽസരവുമായി ജോയ് കെ.മാത്യു

**കൊച്ചി:** കഴിഞ്ഞ 25 വർഷങ്ങളായി ചലച്ചിത്ര രംഗത്ത് പ്രവർത്തിക്കുന്ന നടനും എഴുത്തുകാരനും നിർമ്മാതാവും ലോക റെക്കോർഡ് ജേതാവും സംവിധായകനും ഗ്ലോബൽ മലയാളം സിനിമയുടെ ചെയർമാനുമായ ജോയ്.കെ.മാത്യു ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലെ മലയാളി വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കുമായി ലഹരിക്കെതിരായ സന്ദേശം ഉൾപ്പെടുത്തിയ ഹ്രസ്വചിത്ര, ഡോക്യുമെന്ററി, പ്രസംഗ,കവിതാ മത്സരവും കേരളത്തിലെ 14 ജില്ലകളിലും ലഹരിവിരുദ്ധ ചലച്ചിത്രോത്സവവും സംഘടിപ്പിക്കുന്നു.'ലഹരി രഹിത കേരളം' എന്ന വിഷയത്തിൽ 5 മിനുട്ടിൽ കവിയാത്ത മലയാളത്തിലുള്ള പ്രസംഗവും കവിതയും വീഡിയോ രൂപത്തിൽ മത്സരത്തിന് അയയ്ക്കാം. ലഹരിവിരുദ്ധ സന്ദേശമുള്ള ഹ്രസ്വചിത്രഡോക്യുമെന്ററി മത്സരത്തിന് 3 മുതൽ 5 മിനുട്ട് വരെയുള്ള ചിത്രങ്ങളാണ് അയയ്ക്കേണ്ടത്. ഹ്രസ്വചിത്രവും ഡോക്യുമെന്ററിയും പ്രസംഗവും കവിതയും സ്വന്തം ഫോണിലോ, ക്യാമറയിലോ ചിത്രീകരിക്കാം. ചലച്ചിത്ര ലഹരിവിരുദ്ധ മനഃശാസ്ത്ര രംഗത്തെ പ്രമുഖർ അടങ്ങിയ ജഡ്ജിങ് കമ്മിറ്റിയാണ് വിജയികളെ തെരഞ്ഞെടുക്കുന്നത്.പ്രശസ്തി പത്രവും ഫലകവും കൂടാതെ 20,000 രൂപ വീതം ഒന്നാം സമ്മാനവും 10000 രൂപ വീതം രണ്ടാം സമ്മാനവും 5000 രൂപ വീതം മൂന്നാം സമ്മാനവും എന്ന ക്രമത്തിലായിരിക്കും ഹ്രസ്വചിത്രത്തിനും ഡോക്യൂമെന്ററിക്കും സമ്മാനമായി നൽകുന്നത്.പ്രസംഗത്തിനും കവിതയ്ക്കും ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും നൽകി ആദരിക്കും.

പ്രത്യേകം തെരഞ്ഞെടുക്കുന്ന ഹ്രസ്വ ചിത്രങ്ങളും ഡോക്യൂമെന്ററികളും പ്രസംഗങ്ങളും കവിതകളും ഗ്ലോബൽ മലയാളം സിനിമയുമായി ബന്ധപ്പെട്ട ഓൺലൈൻ ചാനലുകളിൽ പ്രദർശിപ്പിക്കും അവിടെ നിന്നും ഏറ്റവുമധികം പ്രേക്ഷക കമന്റ് കിട്ടുന്ന 25 പേർക്ക് പ്രത്യേക സമ്മാനം നൽകി ആദരിക്കും.മത്സരത്തിന് അയയ്ക്കുന്ന ഹ്രസ്വചിത്രങ്ങളോ ഡോക്യൂമെന്ററികളോ പ്രസംഗമോ കവിതകളോ മറ്റെവിടെയെങ്കിലും പ്രദർശിപ്പിച്ചതോ സോഷ്യൽ മീഡിയയിൽ അപ്പ്ലോഡ് ചെയ്തതോ യാതൊരുവിധ പകർപ്പവകാശ ലംഘനവും നടത്തിയതോ ആയിരിക്കരുത്. മത്സര സംബന്ധമായി ഏതെങ്കിലും തർക്കങ്ങൾ ഉണ്ടാകുകയാണെങ്കിൽ അന്തിമ തീരുമാനം ഗ്ലോബൽ മലയാളം സിനിമ ചെയർമാന്റേയും ജഡ്ജിംഗ് കമ്മിറ്റി യുടേതുമായിരിക്കും.

ഹ്രസ്വചിത്രങ്ങളും ഡോക്യൂമെന്ററികളും പ്രസംഗ കവിത വീഡിയോയും 2025 മെയ് 15 ന് മുൻപായി globalmalayalamcinema@gmail.com എന്ന ഇമെയിലിൽ ലഭിച്ചിരിക്കണം.മത്സരത്തിൽ പങ്കെടുക്കാൻ യാതൊരുവിധ രജിസ്ട്രേഷൻ ഫീസും നൽകേണ്ടതില്ല. ഈ വർഷം എറണാകുളത്ത് പ്രത്യേകം സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് ചലച്ചിത്ര,മാധ്യമ, ലഹരിവിരുദ്ധ നിയമ രംഗത്തെ പ്രമുഖരുടെ സാന്നിധ്യത്തിൽ സമ്മാനത്തിനർഹരായവരുടെ ചിത്രം പ്രദർശിപ്പിക്കുകയും പുരസ്കാരം നൽകി ആദരിക്കുകയും ചെയ്യും. പ്രത്യേകം തെരഞ്ഞെടുക്കുന്ന ഹ്രസ്വചിത്രങ്ങളും ഡോക്യൂമെന്ററികളും പ്രസംഗങ്ങളും കവിതകളും 14 ജില്ലകളിലും പ്രത്യേക പരിപാടികളോടെ സംഘടിപ്പിക്കുന്ന ലഹരിവിരുദ്ധ ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കും. കൂടുതൽ വിവരങ്ങൾക്ക്, പ്രൊജക്റ്റ് കോഡിനേറ്റേഴ്സ് : പി. ആർ.സുമേരൻ 9446190 254, ശശികുമാർ എസ്.ഡി.99468 53016

# ബറക്കുഡ മത്സ്യം ആക്രമിച്ച മാലിദ്വീപ് സ്വദേശിയ്ക്ക് ഇത് രണ്ടാം ജന്മം

**കൊച്ചി :** മത്സ്യബന്ധനത്തിനിടെ അപകടകാരിയായ ബറക്കുഡ മത്സ്യത്തിന്റെ കുത്തേറ്റ് അതീവ ഗുരുതരമായി പരിക്കേറ്റ മാലിദ്വീപ് സ്വദേശിയുടെ ജീവൻ രക്ഷിച്ച് കൊച്ചി അമൃത ആശുപത്രി.

കടലിനടിയിലെ രാത്രി മത്സ്യബന്ധനത്തിനിടെയാണ് മാലിദ്വീപ് സ്വദേശിയായ 32 വയസ്സുള്ള യുവാവിനെ ടൈഗർ ഫിഷ് ഗണത്തിൽ പെടുന്ന ബറക്കുഡ മത്സ്യം ആക്രമിച്ചത്. മത്സ്യത്തിന്റെ കുത്തേറ്റ് യുവാവിന്റെ കഴുത്തിന് പിറകിലുള്ള നട്ടെല്ല് തകരുകയും സുഷുമ്നാ നാഡിയ്ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത യുവാവിനെ ആദ്യം മാലി ദ്വീപിലെ ആശുപത്രിയിലാണ് പ്രവേശിപ്പിച്ചത്. പരുക്ക് ഗുരുതരമാണ് എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഉടൻ എയർ ലിഫ്റ്റ് ചെയ്ത് കൊച്ചി അമൃത ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.

കഴുത്തിന്റെ പിറകിൽ മത്സ്യത്തിന്റെ പല്ല് സുഷുമ്നാ നാഡിയിൽ തറച്ചതിനാൽ യുവാവിന്റെ ഇടതുകയ്യും കാലും തളർന്ന അവസ്ഥയിലായിരുന്നു. തുടർന്ന് നടത്തിയ വിദഗ്ധ പരിശോധനയിൽ കഴുത്തിലെ സുഷുമ്നാ നാഡിയിൽ മത്സ്യത്തിന്റെ പല്ലിന്റെ പത്തിലധികം ഭാഗങ്ങൾ തറച്ചതായും കണ്ടെത്തി.

ഗുരുതരമായ അവസ്ഥയിൽ തുടർന്ന യുവാവിനെ ഉടൻ അമൃത ആശുപത്രിയിലെ ന്യൂറോ സർജറി വിഭാഗം മേധാവി ഡോ. സജേഷ് മേനോന്റെയും, ഡോ. ഡാൽവിൻ തോമസിന്റെയും നേതൃത്വത്തിലുള്ള വിദഗ്ധസംഘം ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. സുഷ്മന നാഡിയിൽ തറച്ച മത്സ്യത്തിന്റെ പല്ലുകൾ അടക്കമുള്ള ഭാഗങ്ങൾ നീക്കം ചെയ്യുകയും ചെയ്തു. ഗുരുതരാവസ്ഥ തരണം ചെയ്ത യുവാവിനെ പിന്നീട് വാർഡിലേക്ക് മാറ്റിയിരിക്കുകയാണ്. സുഷുമ്നാ നാഡിയിലും നട്ടെല്ലിനും വേണ്ടിവന്ന അതിസങ്കീർണ്ണമായ ശസ്ത്രക്രിയ ന്യൂറോ സർജറിയിൽ അത്യപൂർവ്വമാണെന്നാണ് ഡോക്ടർമാരുടെ വിലയിരുത്തൽ.അതി വേഗത്തിലാണ് ബറക്കുഡ മത്സ്യത്തിന്റെ സഞ്ചാരം എന്നത് കൊണ്ട് തന്നെ അവയുടെ അക്രമണവും പെട്ടന്നാണ് സംഭവിക്കുക. പരിക്കിന്റെ ഗുരുതരാവസ്ഥ കൊണ്ട് തന്നെ ജീവൻ തിരിച്ചു കിട്ടുമോ എന്ന ഭയത്തിലാണ് കൊച്ചി അമൃത ആശുപത്രിയിൽ എത്തിയതെന്ന് രോഗിയുടെ സഹോദരൻ വ്യക്തമാക്കി. എന്നാൽ കൃത്യമായ ചികിത്സ ലഭ്യമായതോടെ തന്റെ സഹോദരന്റെ ആരോഗ്യത്തിൽ വലിയ പുരോഗതിയാണ് സംഭവിച്ചത് എന്നും അമൃത ആശുപത്രിയിലെ വിദഗ്ധ ചികിത്സ കൊണ്ടൊന്നു മാത്രമാണ് സഹോദരൻ അപകട നില തരണം ചെയ്തതെന്നും രോഗിയുടെ സഹോദരൻ പറഞ്ഞു. ടൈഗർ ഫിഷ് ഗണത്തിൽപ്പെടുന്ന ഈ മത്സ്യത്തിന്റെ ആക്രമണം മാലിദ്വീപ് നിവസികൾ മുമ്പും നേരിട്ടിരുന്നു. വിദഗ്ധ ചികിത്സ നൽകാൻ കഴിഞ്ഞില്ല എന്നതിനാൽ തന്നെ പലരും മരിച്ചതായിട്ടാണ് റിപ്പോർട്ട്.

# തപാൽ അദാലത്ത്

**കൊച്ചി:** എറണാകുളം പോസ്റ്റൽ ഡിവിഷന്റെ ഡിവിഷണൽ തല 'ഡാക് അദാലത്ത്, ഈ മാസം 20 ന് വൈകുന്നേരം 4 മണിക്ക് കൊച്ചിയിലെ എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസ് കോംപ്ലക്സിന്റെ അഞ്ചാം നിലയിലുള്ള സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസിൽ (എറണാകുളം ഡിവിഷൻ) നടക്കും.പോസ്റ്റു ചെയ്ത തീയതിയും സമയവും, അയയ്ക്കുന്നയാളുടെയും വിലാസക്കാരന്റെയും പൂർണ്ണ വിലാസം, രജിസ്റ്റർ ചെയ്ത അല്ലെങ്കിൽ ഇൻഷർ ചെയ്ത/സ്പീഡ്പോസ്റ്റ് ചെയ്ത വസ്തുക്കളുടെ ബുക്കിംഗ് ചെയ്ത തീയതിയും ഓഫീസും രേഖപ്പെടുത്തിയിട്ടുള്ള രജിസ്ട്രേഷൻ രസീത് നമ്പറും പോലുള്ള പൂർണ്ണ വിശദാംശങ്ങൾ പരാതികളിൽ അടങ്ങിയിരിക്കണം.സേവിംഗ്സ് സ്കീമുകൾ അല്ലെങ്കിൽ തപാൽ ലൈഫ് ഇൻഷുറൻസ് അല്ലെങ്കിൽ ഗ്രാമീണ തപാൽ ലൈഫ് ഇൻഷുറൻസ് എന്നിവയെ കുറിച്ചുള്ള പരാതിയാണെങ്കിൽ, പരാതിയിൽ അക്കൗണ്ട് നമ്പർ, നിക്ഷേപകന്റെ പേര്, മുഴുവൻ വിലാസം, പോസ്റ്റ് ഓഫീസിന്റെ പേര്, ലഭ്യമെങ്കിൽ തപാൽ വകുപ്പിന്റെ ഏതെങ്കിലും റഫറൻസ് എന്നിവ അടങ്ങിയിരിക്കണം.മസൗകര്യം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ പരാതികൾ "DAK ADALAT" എന്ന് എഴുതിയ കവറുകളിൽ 'സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്സ്, എറണാകുളം ഡിവിഷൻ, കൊച്ചി682011' എന്ന വിലാസത്തിൽ അയയ്ക്കുകയോ ospek-mdn.keralapost@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാം.

# ട്രാൻസ് യൂണിയൻ സിബിൽ ഫേസുമായി സഹകരിക്കും

**കൊച്ചി:** രാജ്യത്ത് സാമ്പത്തിക സാക്ഷരതയും ഉപഭോക്തൃ ബോധവൽക്കരണവും വർധിപ്പിക്കുക എന്ന ലക്ഷ്യവുമായി ട്രാൻസ് യൂണിയൻ സിബിൽ ഫിൻടെക് അസോസ്സിയേഷൻ ഫോർ കൺസ്യൂമർ എംപവർമെൻറുമായി (ഫെയ്സ്) സഹകരിക്കും. വായ്പകളുമായി ബന്ധപ്പെട്ട അറിവുകൾ വർധിപ്പിക്കാൻ സിബിൽ ജാഗ്രൻ എന്ന പരിപാടിയാവും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുക. ഫിൻടെക് സംവിധാനങ്ങളിലൂടെ ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ വായ്പകൾ ലഭിക്കുന്നതിനെ കുറിച്ചും ഇതിലൂടെ വിവരങ്ങൾ ലഭ്യമാക്കും. ഇതിനാവശ്യമായ വൈദഗ്ദ്ധ്യം സിബിൽ ലഭ്യമാക്കും.ഉപഭോക്താക്കൾക്ക് ഇപ്പോൾ എളുപ്പത്തിൽ സാമ്പത്തിക പദ്ധതികൾ ലഭ്യമാണെങ്കിലും അതേക്കുറിച്ചുള്ള അറിവുകളുടെ അഭാവമുണ്ടെന്ന് ട്രാൻസ് യൂണിയൻ സിബിൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഭാവേഷ് ജെയിൻ പറഞ്ഞു. 2024 ഡിസംബറിലെ കണക്കുകൾ പ്രകാരം ഫിൻടെകുകളുടെ ഉപഭോക്താക്കളിൽ 24 ശതമാനവും ആദ്യമായി വായ്പകൾ എടുക്കുന്നവരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.അറിവും ഉത്തരവാദിത്തവുമുള്ള ഉപഭോക്താക്കൾ സാമ്പത്തിക സംവിധാനങ്ങളുടെ ആസ്തിയാണെന്ന് ഫേസ് സിഇഒ സുഗനാഥ് സക്സേന പറഞ്ഞു. ഈ രംഗത്ത് ഫെയ്സും ട്രാൻസ് യൂണിയൻ സിബിലും പോലുള്ള സ്ഥാപനങ്ങൾക്കു നിർണായക പങ്കാണു വഹിക്കാനുള്ളതെന്നും അദ്ദേഹം പറഞ്ഞു.

# അരുണാചൽ പ്രദേശിലെ കുട്ടികളുടെ ഹൃദയാരോഗ്യം വീണ്ടെടുത്ത് ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി :** ഹൃദയസംബന്ധമായ രോഗങ്ങളാൽ ബുദ്ധിമുട്ടനുഭവിച്ചിരുന്ന ആറ് അരുണാചൽ കുട്ടികൾക്ക് ആശ്വാസമായി ആസ്റ്റർ മെഡ്സിറ്റി. ഇറ്റാനഗറിൽ ആസ്റ്റർ ഡിഎം ഫൗണ്ടേഷനും ആസ്റ്റർ വോളന്റിയേഴ്സും സംയുക്തമായി സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിലാണ് ഈ കുട്ടികൾക്ക് ജന്മനായുള്ള ഹൃദ്രോഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയത്. ഒണിയ ഹാർട്ട് ഫൗണ്ടേഷന്റെ കൂടി നേതൃത്വത്തിൽ വിദഗ്ധ ചികിത്സയ്ക്കായി ആസ്റ്റർ വോളന്റിയേഴ്സ് ഈ കുട്ടികളെ കൊച്ചിയിൽ എത്തിക്കുകയായിരുന്നു. അവരുടെ ആതിഥേയത്വം ഏറ്റെടുത്ത കൊച്ചി ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിലെ ഡോക്ടർമാരോടും ജീവനക്കാരോടുമുള്ള സ്നേഹവും കടപ്പാടും പങ്കുവെച്ച ശേഷമാണ് ആറുപേരും നിറഞ്ഞ പുഞ്ചിരിയോടെ സ്വന്തം നാടുകളിലേക്ക് തിരിച്ച് പോയത്. ഹൃദ്രോഗങ്ങളുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനായി ആസ്റ്റർ ഡിഎം ഫൗണ്ടേഷൻ ദേശീയതലത്തിൽ നടത്തുന്ന 'ഹാർട്ട് ടു ഹാർട്ട്' പദ്ധതിയിലൂടെയായിരുന്നു ചികിൽസ. കഴിഞ്ഞ ഡിസംബറിലാണ് അരുണാചൽ പ്രദേശിലെ ഇറ്റാനഗറിലുള്ള ആർ. കെ. മിഷൻ ആശുപത്രിയിൽ ആസ്റ്റർ വോളന്റിയേഴ്സ് പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചത്. നവജാത ശിശുക്കൾ മുതൽ 25 വയസ് വരെയുള്ള 130 പേരാണ് സൗജന്യ പരിശോധനാ ക്യാമ്പിൽ പങ്കെടുത്തത്. അതിൽ ഉടൻ ചികിത്സ ആവശ്യമുള്ള 25 കുട്ടികളെ ആദ്യഘട്ട ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയായിരുന്നു. ഈ സംഘത്തിലുള്ള ആറ് കുട്ടികളാണ് വിദഗ്ധ ചികിത്സയ്ക്കായി ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയിലെത്തിയത്.

# യുഗോവ്, ആമസോൺ അലക്സാ പഠനം പുറത്തിറക്കി

**കൊച്ചി:** ലോക ഉറക്ക ദിനത്തിന് മുന്നോടിയായി, 10 നഗരങ്ങളിലെ ഇന്ത്യൻ കുടുംബങ്ങളുടെ ഉറക്കത്തിന് മുമ്പുള്ള ശീലങ്ങൾ മനസ്സിലാക്കുന്നതിന് നടത്തിയ സർവേയിൽ നിന്നുള്ള വിവരങ്ങൾ യഗോവ്, ആമസോൺ അലക്സാ, പുറത്തുവിട്ടു. സ്ഥിരമായി നിശ്ചിത ഉറക്കസമയം പാലിക്കാത്തപ്പോൾ ഉറക്കവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അനുഭവിക്കുന്നതായി സർവേയിൽ പങ്കെടുത്ത 53% പേർ വ്യക്തമാക്കി. മുതിർന്നവർ ഉറക്കസമയചര്യകൾ സജീവമായി പിന്തുടരുന്നു ന്ന് പഠനത്തിലൂടെ നിഗമനത്തിലെത്താൻ സാധിച്ചു.പതിവ് ഉറക്കചര്യ പിന്തുടരുമ്പോൾ ഉറക്കത്തിൽ ശ്രദ്ധേയമായ പുരോഗതിക തായി പ്രതികരിച്ചവരിൽ 54% പേർ വ്യക്തമാക്കി.

# കുമ്പളം കായലിൽ കക്കവിത്തുകൾ നിക്ഷേപിച്ച് സിഫ്ട്

**കൊച്ചി :** കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് കുമ്പളം ഡോ. അംബേദ്കർ പഞ്ചായത്ത് ഹാളിൽ 'കറുത്ത കക്കയുടെ സുസ്ഥിര പരിപാലനവുംമെച്ചപ്പെട്ട രീതികൾ വഴി ഉപജീവന സുരക്ഷയ്ക്കുള്ള വിനിയോഗങ്ങളും'എന്ന വിഷയത്തിൽ ഒരു പരിപാടി സംഘടിപ്പിച്ചു. പരിപാടിയോട് അനുബന്ധിച്ച് കുമ്പളം കായലിൽ കക്കവിത്തുകൾ നിക്ഷേപിക്കുകയും കക്ക കൃഷി ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് കക്ക വിളവെടുപ്പ് ഉപകരണങ്ങളും വിതരണം ചെയ്തു. പട്ടികജാതി ഉപപദ്ധതി പ്രകാരമാണ് പരിപാടി സംഘടിപ്പിച്ചത്.സിഫ്റ്റിലെ ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം. പി. രമേശൻ പരിപാടി ഉദ്ഘാടനം ചെയ്തു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി അധ്യക്ഷത വഹിച്ചു.

# എസ്എസ് ഇന്നവേഷൻസ് മന്ത്രം അനാച്ഛാദനം ചെയ്തു

**കൊച്ചി;** എസ്എസ് ഇന്നവേഷൻസ് രാജ്യത്തെ ആദ്യ മൊബൈൽ ടെലിസർജിക്കൽ യൂണിറ്റായ 'മന്ത്രം' അനാച്ഛാദനം ചെയ്തു. ഗുഡ്ഗാവിൽ നടന്ന രണ്ടാമത് ആഗോള എസ്എസ്ഐ മൾട്ടി സ്പെഷ്യാലിറ്റി റോബോട്ടിക് സർജറി കോൺഫറൻസ് 2025ലായിരുന്നു അനാച്ഛാദനം. ആഗോളതലത്തിൽ പ്രശസ്തരമായ 1200ലധികം മെഡിക്കൽ പ്രൊഫഷണലുകൾ പരിപാടിയിൽ പങ്കെടുത്തു.

പുതിയ മൊബൈൽ ടെലിസർജിക്കൽ യൂണിറ്റ് മെഡിക്കൽ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും ആരോഗ്യസംരക്ഷണമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം പുനർനിർവചിക്കുന്നതിനും അത്യാധുനിക ശസ്ത്രക്രിയാ സൗകര്യങ്ങൾ കൂടുതൽ പേരിലെത്തിക്കാനും ലക്ഷ്യമിട്ടാണ് 'മന്ത്രം' രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് എസ്എസ് ഇന്നവേഷൻസ് സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ സുധീർ ശ്രീവാസ്തവ പറഞ്ഞു.

യൂറോളജി, ജനറൽ സർജറി, ഗൈനക്കോളജി, ഓങ്കോളജി, ഹെഡ് ആൻഡ് നെക്ക്, കാർഡിയോത്തോറാസിക് സർജറി എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് റോബോട്ടിക് സർജറി, ടെലി സർജറി എന്നിവയിലെ നവീന കണ്ടുപിടുത്തങ്ങൾ കോൺഫറൻസിൽ ചർച്ച ചെയ്തു.

രാജ്യവ്യാപകമായി 70 ലധികം ആശുപത്രികളിൽ സ്ഥാപിച്ച എസ്എസ്ഐ 'മന്ത്രം' സങ്കീർണ്ണമായ ഹൃദയ നടപടിക്രമങ്ങൾ ഉൾപ്പെടെ 3400 ലധികം മൾട്ടി സ്പെഷ്യാലിറ്റി ശസ്ത്രക്രിയകൾക്ക് സൗകര്യമൊരുക്കിയതായി എസ് എസ് ഇന്നവേഷൻസ് അറിയിച്ചു. എസ്എസ്ഐ 'മന്ത്രം' ഒരു മൊബൈൽ ടെലിസർജിക്കൽ യൂണിറ്റ് എന്നതിലുപരി ആഗോളതലത്തിൽ ആരോഗ്യസംരക്ഷണത്തെ ജനാധിപത്യവൽക്കരിക്കാനും വികേന്ദ്രീകരിക്കാനുമുള്ള പ്രസ്ഥാനമാണെന്നും ഡോ സുധീർ ശ്രീവാസ്തവ പറഞ്ഞു.



# ജർമ്മൻ അടുക്കള കൊച്ചിയിലെത്തിച്ച് നോൾട്ടെ കുച്ചൻ

**കൊച്ചി:** 100 വർഷത്തിലേറെ ചരിത്രമുള്ള പ്രശസ്ത ജർമ്മൻ അടുക്കള ബ്രാൻഡായ നോൾട്ടെ കുച്ചൻ, കൊച്ചിയിൽ ആദ്യത്തെ എക്സ്പീരിയൻസ് കേന്ദ്രം കൊച്ചിയിൽ തുടങ്ങി. മുൻനിര ഹോം ഡെക്കോറായ വിസ്മ ഹോം സൊല്യൂഷൻസുമായി സഹകരിച്ചാണ് സെന്റർ ആരംഭിച്ചത്. 15,500 ചതുരശ്ര അടി വിസ്തീർണത്തിൽ വിവിധ കിച്ചൺ ഡിസൈനുകളാണ് കൊച്ചി ഷോറൂമിൽ ഒരുക്കുന്നത്. ഷോറൂമിലൂടെ ഉയർന്ന നിലവാരമുള്ള ജർമ്മൻ കരകൗശല വൈദഗ്ധ്യവും പ്രദർശിപ്പിക്കുക മാത്രമല്ല, പ്രീമിയം ഉൽപ്പന്നങ്ങളുടെ വിപുലമായ ശ്രേണിയിൽ ഉപഭോക്താക്കൾക്ക് കസ്റ്റമൈസിഡ് സേവനങ്ങളും ലഭിക്കും.കൊച്ചിയിലെ ഷോറൂമിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ മികച്ച ഉത്പന്നങ്ങൾ കാണാനും സ്പർഷിക്കാനും അനുഭവിച്ചറിയാനും സാധിക്കുമെന്ന് നോൾട്ടെ എഫ്ഇസഡ്ഇ മാനേജിംഗ് ഡയറക്ടർ സെൽവകുമാർ രാജുലു പറഞ്ഞു.നോൾട്ടെ കിച്ചണിന്റെ നൂതനമായ ഹോം സൊല്യൂഷനുകളാണ് കൊച്ചിയിലെ നോൾട്ടെ ഷോറൂമിൽ പ്രദർശിപ്പിക്കുക. ഉപഭോക്താക്കളെ വീടുകളെ അവരുടെ ശൈലിയിൽ മികച്ച സുഖസൗകര്യങ്ങളോടെ മാറ്റാൻ കഴിയുന്ന ഡിസൈനുകൾ ലഭ്യമാക്കി അവരെ ആകർഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

# മാഗ്നി ഫ്ളെക്സിന്റെ പ്രീമിയം കിടക്കകൾ വിപണിയിൽ അവതരിപ്പിച്ചു

**കൊച്ചി:** പ്രമുഖ ഇറ്റാലിയൻ മാട്രസ് ബ്രാൻഡായ മാഗ്നിഫ്ളെക്സിന്റെ പ്രീമിയം കിടക്കകൾ കൊച്ചിയിൽ അവതരിപ്പിച്ചു.ആഗോള ഉറക്ക ദിനത്തോടനുബന്ധിച്ചാണ് പ്രീമിയം കിടക്കകൾ അവതരിപ്പിച്ചത്. ഈടിലും ഗുണമേന്മയിലും മുൻപന്തിയിലുള്ള മാഗ്നിഫ്ലെക്സ് പ്രീമിയം കിടക്കകൾ യൂറോപ്യൻ വിപണികളിൽ ബെസ്റ്റ് സെല്ലർ വിഭാഗത്തിൽ പെടുന്നവയാണെന്ന് മാഗ്നിഫ്ളെക്സ് ഇന്ത്യ എംഡി ആനന്ദ് നിചാനി പറഞ്ഞു. ശരീരഭാരത്തിനനുസരിച്ചു ക്രമപ്പെടുത്താൻ കഴിയുന്ന മെമ്മോ ഫോം, ഡ്യുവൽ കോർ എന്നീ ടെക്നോളജി ഉപോയോഗിച്ചാണ് കിടക്കകൾ നിർമിച്ചിരിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യയോടൊപ്പം ഇറ്റാലിയൻ കരകൗശല വൈദഗ്ധ്യവും സമന്വയിക്കുന്ന മാഗ്നിഫ്ലെക്സിന്റെ പ്രീമിയം കിടക്കകൾ തീർത്തും പരിസ്ഥിതി സൗഹാർദമാണ്. കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന വിസ്മ ഹോം സൊലൂഷൻ ഗ്രൂപ്പുമായി സഹകരിച്ചാണ് മെത്തകൾ വിപണിയിലെത്തിക്കുന്നത്. പ്രീമിയം സ്ലീപ്പ് ഉൽപന്നങ്ങളുടെ വർധിച്ചുവരുന്ന ഡിമാൻഡ് കണക്കിലെടുത്ത്, ആഡംബര മെത്തകൾ, തലയിണകൾ, ആക്സസറികൾ എന്നിവയുടെ വിപണനം വിപുലീകരിക്കാൻ ലക്ഷ്യമിടുന്നതായും അദ്ദഹേം കൂട്ടിച്ചേർത്തു. രാജ്യത്തുടനീളം 80 സ്റ്റോറുകളാണ് മാഗ്നിഫ്ലെക്സ് ഇന്ത്യയ്ക്ക് കീഴിലുള്ളത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗ്രാമീണ വനിതകളിൽ 90 ശതമാനവും വരുമാനത്തിന്റെ ഒരു ഭാഗം സമ്പാദ്യമായി മാറ്റിവെയ്ക്കുന്നു

**കൊച്ചി:** ഇന്ത്യയിലെ ഗ്രാമീണ മേഖലയിലുള്ള വനിതകളിൽ 90 ശതമാനവും തങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിൻറെ ഒരു പങ്ക് സമ്പാദിക്കുന്നതിന് മാറ്റിവെയ്ക്കുന്നതായി സർവ്വേ ചൂണ്ടിക്കാട്ടുന്നു. ഗ്രാമീണ ഇന്ത്യയിലെ വനിതാ സംരംഭകരുടെ പ്രതീക്ഷകളേയും വെല്ലുവിളികളേയും സാമ്പത്തിക രീതികളേയും കുറിച്ച് ഡിബിഎസ് ബാങ്ക് ഹാക്ദർശകുമായി സഹകരിച്ചു നടത്തിയ സർവ്വേയിലെ

സമഗ്ര റിപ്പോർട്ടിലാണ് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്. 2025ലെ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് പുറത്തിറക്കിയ ഈ റിപ്പോർട്ട് ഡിബിഎസ് ബാങ്ക് ഇന്ത്യയുടെ 'വുമൺ ആൻഡ് ഫിനാൻസ്' (ഡബ്ല്യുഎഎഫ്) പഠനം 2024ൻറെ തുടർച്ചയാണ്. സാമ്പത്തിക തീരുമാനങ്ങളുടെ കാര്യത്തിൽ വനിതകൾക്കുള്ള സ്വാതന്ത്ര്യം വർധിക്കുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. സർവ്വേയിൽ പങ്കെടുത്തവരിൽ 18 ശതമാനം പേർ സാമ്പത്തിക തീരുമാനങ്ങൾ സ്വതന്ത്രമായി കൈക്കൊള്ളുമ്പോൾ 47 ശതമാനം പേർ ഭർത്താവുമായി ചേർന്നു സംയുക്തമായി തീരുമാനങ്ങൾ എടുക്കുന്നു. അതേ സമയം 24 ശതമാനം പേർ ഭർത്താവാണ് എല്ലാ സാമ്പത്തിക തീരുമാനങ്ങളും കൈക്കൊള്ളുന്നതെന്നു വെളിപ്പെടുത്തി. 11 ശതമാനം പേർ അടുത്ത കുടുംബാംഗങ്ങളുമായി ഇക്കാര്യത്തിൽ ഉപദേശം തേടുന്നു.തങ്ങളുടെ വരുമാനത്തിൻറെ ഒരു പങ്കു സമ്പാദിക്കാനായി മാറ്റിവെയ്ക്കുന്നതായി 90 ശതമാനം പേർ വെളിപ്പെടുത്തിയപ്പോൾ അതിൽ 57 ശതമാനം പേർ പ്രതിമാസ വരുമാനത്തിൻറെ 20 ശതമാനത്തിൽ താഴെ മാത്രമാണു സമ്പാദിക്കുന്നതെന്നും വ്യക്തമാക്കി. 33 ശതമാനം പേർ 20 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിലാണു സമ്പാദിക്കുന്നത്. 5 ശതമാനം പേർ വരുമാനത്തിന്റെ 50 ശതമാനത്തിലേറെ സമ്പാദിക്കുന്നു.സമ്പാദ്യം നടത്തുന്നവരിൽ 56 ശതമാനവും ബാങ്ക് നിക്ഷേപങ്ങളാണ് തിരഞ്ഞെടുക്കുന്നത്. 39 ശതമാനം പേർ സ്വാശ്രയ സംഘങ്ങളുടെ പദ്ധതികളിൽ പങ്കെടുക്കുന്നുണ്ട്. 18 ശതമാനം പേർ പണം എങ്ങും നിക്ഷേപിക്കാതെ തന്നെ സൂക്ഷിക്കുകയുമാണെന്നും ഡിബിഎസ് ബാങ്ക് ഇന്ത്യ മാനേജിങ് ഡയറക്ടറും ഗ്രൂപ്പ് സ്ട്രാറ്റജിക് മാർക്കറ്റിങ് ആൻറ് കമ്യൂണിക്കേഷൻസ് മേധാവിയുമായ അസ്മത് ഹബീബുള്ള പറഞ്ഞു.

# ജെൻ എസ് അവതരിപ്പിച്ച് എസ്സിലോർ

**കൊച്ചി:** ഒപ്റ്റിക്കൽ സാങ്കേതികവിദ്യാരംഗത്തെ പ്രമുഖ കമ്പനിയായ എസ്സിലോർ ലക്സോട്ടിക്ക ഇന്ത്യ ട്രാൻസിഷൻസ് അൾട്രാ ഡൈനാമിക് ലെൻസായ ജെൻ എസ് അവതരിപ്പിച്ചു. മാറിയ കാലത്തെ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് ജെൻ എസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് ഉപയോഗിക്കാൻ ലക്ഷ്യമിട്ട് ഡിസൈൻ ചെയ്തിരിക്കുന്ന ലെൻസുകൾ മൂന്നു വിഭാഗങ്ങളിൽ ലഭ്യമാണ്.



ലെൻസ് ജെൻ എസ് മോഡലുകൾ പ്രമുഖ ഒപ്റ്റിക്കൽ സ്റ്റോറുകളിൽ നിന്ന് 8900 രൂപ മുതൽ ലഭിക്കും.

അൾട്രാറെസ്പോൺസീവ് ലൈറ്റ് അഡാപ്റ്റേഷൻ വാഗ്ദാനം ചെയ്യുന്ന ജെൻ സ്പീഡ്, പുതിയ ട്രാൻസിഷൻസ് ജെൻ എസ് റൂബി റെഡ് കളർ ഉൾപ്പെടെ എട്ട് എക്സ്ക്ലൂസീവ് കളർ ഷേഡുകളിൽ ലഭ്യമായ ജെൻ സ്റ്റൈൽ, എച്ച്ഡി കാഴ്ച മികവുറ്റതാക്കുന്ന ജെൻ സ്മാർട്ട് എന്നീ മൂന്ന് വിഭാഗങ്ങളിലാണ് ജെൻ എസ് അവതരിപ്പിച്ചിരിക്കുന്നത്. കണ്ണട ധരിക്കുന്നവരുമായുള്ള ആശയവിനിമയം ഉൾപ്പെടെ വിപുലമായ ഗവേഷണത്തിലൂടെയാണ് ട്രാൻസിഷൻസ് ജെൻ എസ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അവകാശപ്പെടുന്നു.

ഉപഭോക്താക്കൾ നിലവിലുള്ളതിനേക്കാൾ മികച്ച കാഴ്ചാപരിചരണം അർഹിക്കുന്നുണ്ടെന്നും അതിൽ ലൈറ്റ് മാനേജ്മെന്റ് നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും എസ്സിലോർ ലക്സോട്ടിക്ക സൗത്ത് ഏഷ്യ പ്രസിഡന്റ് നരസിംഹൻ നാരായണൻ പറഞ്ഞു.

# പങ്കാളിത്തം ശക്തിപ്പെടുത്തി ടിവിഎസും പെട്രോണാസ് ലൂബ്രിക്കന്റ്സും

**കൊച്ചി:** ടൂവീലർത്രീവീലർ വിഭാഗത്തിലെ മുൻനിര ആഗോള വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എം) ഇന്ത്യൻ മോട്ടോർസ്പോർട്ട് മേഖല ശക്തിപ്പെടുത്തുന്നതിനായി പെട്രോണാസ് ലൂബ്രിക്കന്റ്സ് ഇന്റർനാഷണലുമായുള്ള (പിഎൽഐ) പങ്കാളിത്തം വിപുലീകരിച്ചു. രാജ്യത്തെ ലൂബ്രിക്കന്റ് വിപണിയിൽ പിഎൽഐയുടെ




സ്ഥാനം ശക്തിപ്പെടുത്തുന്നതിനൊപ്പം ഇന്ത്യയിൽ മോട്ടോർസ്പോർട്ട് പ്രോത്സാഹിപ്പിക്കുന്നതിനുള്ള രണ്ട് കമ്പനികളുടെയും പങ്കിട്ട പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുന്നതാണ് ഈ പങ്കാളിത്തം. പങ്കാളിത്തത്തിന്റെ ഭാഗമായി അടുത്ത മൂന്ന് വർഷത്തേക്ക് കൂടി രാജ്യത്തെ ആദ്യത്തെ ഫാക്ടറി റേസിങ് ടീമായ ടിവിഎസ് റേസിങിന്റെ ടൈറ്റിൽ സ്പോൺസറായി പിഎൽഐ തുടരും. ഇന്ത്യൻ നാഷണൽ സൂപ്പർക്രോസ് ചാമ്പ്യൻഷിപ്പ് (ഐഎൻഎസ്സി), ഇന്ത്യൻ നാഷണൽ റാലി ചാമ്പ്യൻഷിപ്പ് (ഐഎൻആർസി), ഇന്ത്യൻ നാഷണൽ മോട്ടോർസൈക്കിൾ റേസിങ് ചാമ്പ്യൻഷിപ്പ് (ഐഎൻഎംആർസി) എന്നിവയിൽ ടിവിഎസ് റേസിങ് ടീമിന്റെ പങ്കാളിത്തത്തെ ഈ സഹകരണം പിന്തുണയ്ക്കും.

2022-23 സീസണിലുടനീളം ടിവിഎസ് റേസിങിന്റെ ടൈറ്റിൽ സ്പോൺസറായിരുന്നു പെട്രോണാസ്. പങ്കാളിത്തത്തിന്റെ ഭാഗമായി ടിവിഎസ് മോട്ടോർ കമ്പനിയുടെ വിപുലമായ ഡീലർഷിപ്പ് ശൃംഖലയിലേക്കുള്ള ആഫ്റ്റർമാർക്കറ്റ് ഓയിലുകളുടെ ഔദ്യോഗിക വിതരണക്കാരായും പിഎൽഐ തുടരും. മികച്ച പ്രകടനമുള്ള ടിവിഎസ് മോട്ടോർസൈക്കിളുകൾക്കായി രൂപകൽപന ചെയ്ത പ്രീമിയം സെമി, ഫുൾ സിന്തറ്റിക് ലൂബ്രിക്കന്റുകളാണ് പെട്രോണാസ് ടിവിഎസ് ട്രൂ4 ഉൽപന്ന ശ്രേണി വാഗ്ദാനം ചെയ്യുന്നത്. എഞ്ചിൻ കാര്യക്ഷമതയും ആയുസും വർധിപ്പിക്കാനും ഇത് സഹായകരമാവും.നാല് പതിറ്റാണ്ടിലേറെയായി ഇന്ത്യയിലെ മോട്ടോർസ്പോർട്ടിനെ ജനാധിപത്യവൽക്കരിക്കുന്നതിലും, ടിവിഎസ് വൺ മേക്ക് ചാമ്പ്യൻഷിപ്പ് പോലുള്ള പരിപാടികളിലൂടെ ലോകോത്തര പ്രതിഭകളെ വളർത്തിയെടുക്കുന്നതിലും ടിവിഎസ് റേസിങ് നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്ന് ടിവിഎസ് മോട്ടോർ കമ്പനിയുടെ പ്രീമിയം ബിസിനസ് മേധാവി വിമൽ സംബ്ലി പറഞ്ഞു. പ്രകടനത്തിന്റെയും നവീകരണത്തിന്റെയും മികച്ചത് നൽകാനുള്ള തങ്ങളുടെ പങ്കിട്ട പ്രതിബദ്ധതയെ അടിവരയിടുന്നതാണ് പിഎൽഐയുമായുള്ള ഈ വിപുലീകൃത പങ്കാളിത്തമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ടിവിഎസ് റേസിങുമായുള്ള സഹകരണം ഉയർന്ന പ്രകടനമുള്ള ലൂബ്രിക്കന്റുകളും മോട്ടോർസ്പോർട്ട് മികവും തമ്മിലുള്ള സമന്വയം പ്രകടിപ്പിക്കുന്നതിൽ നിർണായകമാണെന്ന് പെട്രോണാസ് ലൂബ്രിക്കന്റ്സ് ഇന്ത്യ (പ്രൈവറ്റ്) ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബിനു ചാണ്ടി പറഞ്ഞു.

# സെപ്റ്റോ സൂപ്പർസേവർ പരസ്യചിത്രത്തിൽ ജൂനിയർ എംടിആർ

**കൊച്ചി:** വാണിജ്യ ഡെലിവറി പ്ലാറ്റ്ഫോമായ സെപ്റ്റോ ഒരുക്കുന്ന സെപ്റ്റോ സൂപ്പർ സേവർ ക്യാംപെയ്നിന്റെ ഭാഗമായുള്ള പരസ്യചിത്രത്തിൽ പ്രശസ്ത തെന്നിന്ത്യൻ താരം ജൂനിയർ എംടിആർ അഭിനയിക്കുന്നു. 'പ്രൈസസ് ഇത്തനേ ലോ ഏക് ബാർ ദേഖ് തോ ലോ'എന്ന ടാഗ് ലൈനിന് കീഴിൽ സെപ്റ്റോ ഒരുക്കുന്ന പരസ്യചിത്രം സമാനതകളില്ലാത്ത വിലക്കുറവിനെ എടുത്തുകാട്ടുന്നതാണ്. ജൂനിയർ എംടിആറിന്റെ ഊർജ്ജസ്വലമായ ഓൺ സ്ക്രീൻഓഫ് സ്ക്രീൻ വ്യക്തിത്വത്തെ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടാണ് സെപ്റ്റോ പുതിയ ക്യാംപെയ്ൻ ഒരുക്കിയിട്ടുള്ളത്.ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയിൽ സാധനങ്ങൾ വിതരണം ചെയ്യാൻ ലക്ഷ്യമിട്ട് രൂപംനൽകിയ പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ഒരു ബ്രാൻഡുമായി സഹകരിക്കുന്നത് അഭിമാനകരമാണെന്ന് ജൂനിയർ എംടിആർ പറഞ്ഞു. വേഗതയേറിയതും ഏറ്റവും മികച്ചതുമായ ഷോപ്പിംഗിന്റെ ആവേശം ഈ ക്യാംപെയ്ൻ വ്യക്തമാക്കുന്നതായി ചീഫ് ബ്രാൻഡ് ആൻഡ് കൾച്ചർ ഓഫീസർ ചന്ദൻ മെൻഡിരട്ട പറഞ്ഞു. ടിവി, യൂടൂബ്, മെറ്റ, ഔട്ട്ഡോർ പ്ലാറ്റ്ഫോമുകളിൽ പ്രക്ഷേപണം ചെയ്യാൻ ലക്ഷ്യമിട്ടാണ് സെപ്റ്റോ സൂപ്പർസേവർ ക്യാംപെയ്നിന് രൂപംകൊടുത്തിരിക്കുന്നത്.

